444/est/19

ഭരണഭാഷ – മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഇ22–2429/2019/സിഇ/തസ്വഭവ** **തീയതി. 12/03/2019**

# നോട്ടീസ്

വിഷയം : തസ്വഭവ – സാങ്കേതിക വിഭാഗം – ജീവനക്കാര്യം – രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നത് – അപാകതകൾ പരിഹരിക്കുന്നത് – സംബന്ധിച്ച്

സൂചന :
1) ഈ ഓഫീസിലെ 29.02.2016–ലെ ഇ22/12300/2015/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
2) ശ്രീമതി. ഗീതാകുമാരി. ജി, 05.09.2019–ൽ സമർപ്പിച്ച അപേക്ഷ
3) ശ്രീമതി. ഇന്ദു. എ 15.02.2019–ൽ സമർപ്പിച്ച അപേക്ഷ
4) ജി.ഒ (എം.എസ്)നം. 203/10/തസ്വഭവ തീയതി 08.09.2010
5) ശ്രീ. എ ഗോപി 11.05.2017–ൽ സമർപ്പിച്ച അപേക്ഷ
6) 04.10.2018–ലെ ഇ5/7701/18/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

ശ്രീമതി. ഗീതാകുമാരി. ജി സൂചന (1) പ്രകാരമുള്ള രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ 1235 റാങ്ക് നമ്പരായി ഉൾപ്പെട്ടിട്ടുള്ളവരാണ്. എന്നാൽ ടിയാളുടെ യോഗ്യത Diploma Civil എന്നതിന് പകരം D'man Civil എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് ഇതിനാൽ Diploma Civil എന്ന് ക്രമപ്പെടുത്തിയിരിക്കുന്നു.

ശ്രീമതി. ഇന്ദു. എ സൂചന (3) എന്നവർ ഈ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം ബ്ലോക്ക്പഞ്ചായത്തിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ എൽ.എസ്. ജി.ഡി സെക്ഷനിൽ രണ്ടാംതരം ഓവർസിയറായി സേവനമനുഷ്ഠിക്കുന്നവരാണ്. ടിയാൾ സൂചന (4) സർക്കാർ ഉത്തരവ് പ്രകാരം സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 01.01.2012–ൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. എന്നാൽ ഇതുവരെയും ടിയാൾ രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. സേവനവിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ടിയാളെ രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നം. 1024 ശ്രീ. മൊഹമ്മദ് അൻസാർ എന്നവർക്കും, റാങ്ക് നം. 1025 ശ്രീമതി. ഷഹീദാമോൾ. എച്ച് എന്നവർക്കും മദ്ധ്യേ 1024 (a) എന്ന് സീനിയോരിറ്റി നൽകി ഉൾപ്പെടുത്താവുന്നതാണ് എന്നു കാണുന്നു.

രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റ് അത്തരത്തിൽ മാറ്റം വരുത്തി ക്രമപ്പെടുത്തിയിരിക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ വെള്ളനാട് ബ്ലോക്ക്പഞ്ചായത്തിന് കീഴിലുള്ള തൊളിക്കോട് / ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി സെക്ഷനിൽ രണ്ടാംതരം ഓവർസിയറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. എ ഗോപി എന്നവരുടെ രണ്ടാം തരം ഓവർസിയറായുള്ള പ്രൊമോഷൻ തീയതി സൂചന (6) പ്രകാരം 26.07.2010-ാം തീയതി ആയി പുനഃക്രമീകരിച്ചിട്ടുണ്ട്. ആയതിനാൽ രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ടിയാന്റെ റാങ്ക്, റാങ്ക് നമ്പർ 765 ശ്രീമതി. ബിന്ദു. ജെ എന്നവർക്കും, റാങ്ക് നമ്പർ 766 ശ്രീ. പ്രദീപ് കുമാർ. കെ.ടി എന്നവർക്കും മദ്ധ്യേ 765 (a) എന്ന് നൽകിക്കൊണ്ട് സീനിയോരിറ്റി ലിസ്റ്റ് ക്രമപ്പെടുത്തിയിരിക്കുന്നു.

മേൽ പ്രസ്താവിക്കപ്പെട്ട തരത്തിലുള്ള രണ്ടാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ മാറ്റങ്ങളിൽ ആക്ഷേപങ്ങളോ പരാതികളോ ഉള്ളവർ ഈ നോട്ടീസ് പ്രസിദ്ധീകരണ തീയതി മുതൽ 14 ദിവസത്തിനകം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞാൽ പരാതികൾ ലഭ്യമാകാത്തപക്ഷം മേൽ പ്രസ്താവിക്കപ്പെട്ട മാറ്റങ്ങൾ സീനിയോരിറ്റി ലിസ്റ്റിൽ വരുത്തി ഉത്തരവാകുന്നതാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ് : 1) എല്ലാ നിയന്ത്രണാധികാരികൾക്കും (താങ്കൾ താങ്കളുടെ കീഴിലുള്ള ജീവനക്കാരെ അറിയിക്കേണ്ടതാണ്.
2) ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ് സൈറ്റ് മുഖേന
3) കരുതൽ ഫയൽ

P 282